# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.608 — 05.06.2018-ൽ മറുപടി നല്കേണ്ടിയിരുന്നത്

## മാവൂർ ഗ്വാളിയർ റയൺസ് കമ്പനി

| ചോദ്യം<br>ശ്രീ.പി.ടി.എ.റഹീം | | ഉത്തരം<br>ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പുമന്ത്രി) | |
|---|---|---|---|
| എ) | മാവൂരിൽ ഗ്വാളിയർ റയൺസ് കമ്പനി പ്രവർത്തനം അവസാനിപ്പിച്ചത് ഏതു വർഷമാണെന്ന് വ്യക്തമാക്കാമോ; | എ) | മാവൂരിൽ ഗ്വാളിയർ റയൺസ് കമ്പനിയുടെ പ്രവർത്തനം 2001-ൽ അവസാനിപ്പിച്ചു. |
| ബി) | കമ്പനിയുടെ കൈവശം നിലവിലുള്ള ആകെ ഭൂമിയുടെ വിസ്തീർണ്ണം എത്ര; വ്യക്തമാക്കാമോ; | ബി) | മാവൂർ ഗ്വാളിയോർ റയോൺസിന് കോഴിക്കോട് ജില്ലയിൽ സിൽക്ക് മാനുഫാക്ചറിങ് വ്യവസായം ആരംഭിക്കുന്നതിന് വേണ്ടി ഭൂമി ഏറ്റെടുത്ത് നല്കണമെന്ന കമ്പനിയുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ 1894-ലെ ഭൂമി ഏറ്റെടുക്കൽ നിയമ പ്രകാരം കോഴിക്കോട് ജില്ലയിൽ കോഴിക്കോട് താലൂക്ക് മാവൂർ വില്ലേജിൽ താഴെ കാണിച്ചിരിക്കുന്ന വിവിധ അവാർഡുകൾ പ്രകാരം ഭൂമി ഏറ്റെടുത്ത് നല്കിയിരുന്നു. |

1. അവാർഡ് നംപർ 1/1960 തീയതി 11.03.1960 - 136.23 ഏക്കർ
2. അവാർഡ് നംപർ 2/1964 തീയതി 15.09.1964 - 50.90 ഏക്കർ
3. അവാർഡ് നംപർ 11/1965 0.91 ഏക്കർ
4. അവാർഡ് നംപർ 1/77 മുതൽ 15/77 വരെ - 52.35 ഏക്കർ

**ആകെ 240.39 ഏക്കർ**

==========

ഇതു കൂടാതെ സർക്കാർ പുറമ്പോക്ക് ഭൂമിയിൽ നിന്നും ജില്ലാ കളക്ടർ 5.94 ഏക്കർ ഭൂമി കമ്പനിക്ക് ദാനമായി നല്കുകയും കമ്പനി സ്വന്തമായി 80.19.375 ഏക്കർ ഭൂമി വിലക്ക് വാങ്ങി വ്യവസായ സംരംഭം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

....2

| | | | |
|---|---|---|---|
| സി) | ഈ ഭൂമിയിൽ പരിസ്ഥിതി സൗഹൃദ വ്യവസായ സംരംഭം ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | സി) | 10.10.2017-ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 97/2017 ഐ.ഡി. പ്രകാരം കമ്പനിയുടെ കൈവശമുള്ള ഭൂമി തിരികെ ഏറ്റെടുക്കുന്നതിന് സർക്കാർ ഉത്തരവായിരുന്നു. ടി ഉത്തരവിനെതിരെ കമ്പനി ബഹുമാനപ്പെട്ട ഹൈക്കോടതി മുൻപാകെ WP(C)33103/2017 ആയി സമർപ്പിച്ച റിട്ട് ഹർജി കോടതിയുടെ പരിഗണനയിലുമാണ്. കോടതിയിൽ നിന്നുള്ള അന്തിമ വിധിയുടെ അടിസ്ഥാനത്തിൽ മാത്രമേ ഇക്കാര്യത്തിൽ തീരുമാനം എടുക്കുവാൻ കഴിയുകയുള്ളൂ. |
| ഡി) | 2017-18 വർഷ ബഡ്ജറ്റ് പ്രസംഗത്തിൽ മാവൂരിൽ ജപ്പാനീസ് കൊറിയൻ വ്യവസായ ക്ലസ്റ്റർ ആരംഭിക്കുമെന്ന് പ്രഖ്യാപനം നടത്തിയിരുന്നുവോ; എങ്കിൽ അക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | ഡി) | മാവൂരിൽ ബിർലാ ഗ്രൂപ്പിൽ നിന്ന് തിരിച്ചെടുക്കുന്ന ഭൂമിയിലാണ് 2017-18 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച മാവൂർ ജപ്പാനീസ് കൊറിയൻ വ്യവസായ ക്ലസ്റ്റർ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. എന്നാൽ പ്രസ്തുത ഭൂമി തിരിച്ചെടുക്കുന്നതുമായി ബന്ധപ്പെട്ട കേസ് ബഹു.ഹൈക്കോടതിയുടെ പരിഗണനയിലാണ്. ഈ കേസ് തീർപ്പാക്കുന്ന മുറയ്ക്ക് മാത്രമേ തുടർ നടപടികൾ സ്വീകരിക്കാൻ സർക്കാരിനു സാധിക്കുകയുള്ളൂ. |
| ഇ) | പ്രത്യേക നിയമനിർമ്മാണം നടത്തി കോംട്രസ്റ്റ് മാതൃകയിൽ മാവൂരിലെ ഭൂമി ഏറ്റെടുക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ; വിശദാംശം വെളിപ്പെടുത്താമോ? | ഇ) | ഇപ്പോൾ പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ